# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

## പോലീസുദ്യോഗസ്ഥനായ ശ്രീ.അനിൽകുമാറിന്റെ ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങൾ

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1823 | 16.06.2014-ൽ മറുപടി |
|---|---|
| ചോദ്യം | മറുപടി |
| ശ്രീ.ആർ.രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | പോലീസ് ഉദ്യോഗസ്ഥനായ മാവേലിക്കര വള്ളികുന്നം വാളാച്ചാൽ പുത്തനാലയ്ക്കൽ അനിൽകുമാറിന്റെ ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | അന്വേഷണം നടത്തിയിട്ടുണ്ട്. ടിയാനെതിരെ വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13.10.2013-ൽ ടിയാനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ കണ്ണനാകുഴി എള്ളുംവിളയിൽ വിജയമ്മ നൽകിയ പരാതിയിന്മേൽ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | ശ്രീമതി വിജയമ്മ നൽകിയ പരാതിയിന്മേൽ വള്ളികുന്നം പോലീസ് സ്റ്റേഷനിൽ 537/14 നമ്പർ ആയി ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ വള്ളികുന്നം കടവുങ്കൽ കുളത്തിന്റെ കിഴക്കതിൽ ഷീബാ ബീവി നൽകിയ പരാതിയിന്മേൽ കേസെടുത്തിട്ടുണ്ടോ ; | പ്രസ്തുത പരാതിയിന്മേൽ വള്ളികുന്നം പോലീസ് സ്റ്റേഷനിൽ 541/14 നമ്പർ ആയി ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | രണ്ട് പരാതികളിന്മേലും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെ ചുമത്തിയ വകുപ്പുകൾ ഏതൊക്കെ; | 537/14 നമ്പർ ക്രൈം കേസിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 406, 420, 34 എന്നീ വകുപ്പുകളും കേരള മണി ലെൻഡേഴ്സ് ആക്ടിലെ വകുപ്പ് 17, കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സോർബിറ്റൻറ് ഇന്ററസ്റ്റ് ആക്ടിലെ വകുപ്പ് 3, 4 എന്നിവ പ്രകാരവും 541/14 നമ്പർ ക്രൈം കേസിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 420, കേരള മണി ലെൻഡേഴ്സ് ആക്ടിലെ വകുപ്പ് 17 എന്നിവ പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഇ) | പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ ; ഈ പോലീസുകാരനെ സർവ്വീസിൽ നിന്നും നീക്കിയിട്ടുണ്ടോ ; എന്നാണ് നീക്കിയത് ; കാരണം വ്യക്തമാക്കാമോ ; ടിയാനെ അടിയന്തിരമായി അറസ്റ്റ് ചെയ്യുമോ ? | അനിൽകുമാർ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചില്ല. ടിയാനെ 13.10.2013-ൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ